(എ) സർക്കാരിന്റെ വിവിധ വകുപ്പുകളുടെ നടപടികളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ കോടതികളിൽ ഫയൽ ചെയ്യപ്പെട്ട കേസ്സുകളുടെ എണ്ണം വിശദമാക്കാമോ ;

(ബി) നിലവിലുള്ളതും ഓരോ വർഷവും ഫയൽ ചെയ്യപ്പെട്ടതുമായ കേസ്സുകൾ എത്രയാണെന്നും വകുപ്പുകൾ തിരിച്ച് വിശദമാക്കാമോ ;

(സി) ഹൈക്കോടതിയിലും സുപ്രീം കോടതിയിലും നിലവിൽ സർക്കാർ നടപടികളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസ്സുകൾ എത്ര ; വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ് നിർമ്മാണം സംബന്ധിച്ച്

201 (546) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിന് ഭരണാനുമതി എന്നാണ് ലഭ്യമായത് എന്നും എത്ര രൂകയുടെ ഭരണാനുമതി ആണ് ലഭ്യമായത് എന്നും വിശദമാക്കുമോ ;

(ബി) കോർട്ട് കോംപ്ലക്സ് എവിടെ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;,

(സി) ആയതിന്റെ പ്ലാനും എസ്റ്റിമേറ്റും സ്കെച്ചറൽ ഡിസൈനും തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ ; എന്തെല്ലാം സൗകര്യങ്ങൾ ആണ് ഇതിൽ ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്നു വ്യക്തമാക്കുമോ ;

(ഇ) നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജി.ഒ. (ആർ.റ്റി) നമ്പർ 565/2012/പി.ഡബ്ല്യു.ഡി. തീയതി 31-3-2012 പ്രകാരം 925 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നിലവിലുള്ള കോടതി കെട്ടിടത്തിന്റെ മുൻവശത്ത് സ്ഥലം ലഭ്യമാണ്. (റവന്യൂ വകുപ്പിന്റെ കൈവശം)

(സി) ചീഫ് ആർക്കിടെക്റ്റ് തയ്യാറാക്കിയ പ്ലാൻ അംഗീകാരത്തിനായി ജില്ലാ ജഡ്ജി മുഖേന ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്ലാൻ അംഗീകരിച്ച് സ്ഥലം റവന്യൂ ഡിപ്പാർട്ടുമെന്റ് ജുഡീഷ്യറിക്ക് കൈമാറിയതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നൽകേണ്ടതാണ്.

(ഡി&ഇ) എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമായതിനു ശേഷം ടെണ്ടർ ക്ഷണിച്ചു നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

അഡ്വക്കേറ്റ് ജനറൽ തസ്തികയ്ക്ക് സമാനമായ പദവിയും ശമ്പളവുമുള്ള തസ്തികകൾ

202 (547) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡ്വക്കേറ്റ് ജനറൽ തസ്തികയ്ക്ക് സമാനമായ പദവിയും ശമ്പളവുമുള്ള തസ്തികകൾ ഏതെല്ലാമാണ് ; പ്രസ്തുത തസ്തികകളുടെ നിലവിലെ സ്കെയിലുകൾ എപ്രകാരമാണ് ;

(ബി) പ്രസ്തുത തസ്തികകളുടെ ശമ്പള സ്കെയിൽ അവസാനമായി പരിഷ്കരിച്ചത് എന്നാണ്; എപ്രകാരമായിരുന്നു പരിഷ്കരണം ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളുടെ ശമ്പള പരിഷ്കരണം മുൻകാല പ്രാബല്യത്തോടെ നടപ്പാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ശമ്പള സ്കെയിലിനു പുറമേ ജോലിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഇ) ഗവൺമെന്റ് പ്ലീഡർമാരുടെ ശമ്പളം എന്നാണ് അവസാനമായി പരിഷ്കരിച്ചത് ; ഇവരുടെ ശമ്പള പരിഷ്കരണം ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ ?